# KURIAKOSE GREGORIOS COLLEGE PAMPADY

Website: www.kgcollege.ac.in Phone: 0481 2505212 Email: mail@kgcollege.ac.in




## 7.1.2 ENERGY CONSERVATION, WASTE MANAGEMENT, WATER CONSERVATION, GREEN CAMPUS,DISABLED FRIENDLY CAMPUS

Kuriakose Gregorios College received 'Sahachari" Award from The Kottayam District Social Justice Department for maintaining a **Disabled-friendly campus**






● ജില്ലയിലെ മികച്ച ഭിന്നശേഷി പ്രോത്സാഹന കലാലയത്തിനുള്ള സാമൂഹികനീതി വകുപ്പിന്റെ സഹചാരി പുരസ്കാരം പാമ്പാടി കെ.ജി.കോളജ് അധികൃതർ മന്ത്രി വി.എൻ.വാസവനിൽ നിന്നു സ്വീകരിക്കുന്നു.

തിരുവഞ്ചൂർ അമ്പലക്കവലയിൽ കഴിഞ്ഞ ദിവസം രാത്രി കൂട്ടിയിടിച്ച് കാറുകൾ തകർന്ന നിലയിൽ

# ഭിന്നശേഷി പ്രോത്സാഹന കലാലയ പുരസ്കാരം കെ.ജി.കോളേജിന്

**പാമ്പാടി ▸** ജില്ലയിലെ മികച്ച ഭിന്നശേഷി പ്രോത്സാഹന കലാലയത്തിനുള്ള സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ സഹചാരി പുരസ്കാരം കെ.ജി.കോളേജിന് ലഭിച്ചു.



ജില്ലയിലെ മികച്ച ഭിന്നശേഷി പ്രോത്സാഹന കലാലയത്തിനുള്ള സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ സഹചാരി പുരസ്കാരം മന്ത്രി വി.എൻ.വാസവൻ കെ.ജി. കോളേജിന് സമ്മാനിക്കുന്നു

ഭിന്നശേഷി ദിനാചരണ ജില്ലാതല സമ്മേളനത്തിൽ മന്ത്രി വി.എൻ.വാസവൻ അവാർഡ് നൽകി. കോളേജിലെ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിലാണ് അവാർഡിന് കെ.ജി.കോളേജിനെ തിരഞ്ഞെടുത്തത്. പരിസ്ഥിതി സംരക്ഷണം, തിരഞ്ഞെടുപ്പ് ബോധവത്കരണം, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം തുടങ്ങിയ പരിപാടികളിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികൾ നേതൃത്വം നൽകി.

സിവിൽ സർവീസ് പരിശീലനം ഉൾപ്പെടെയുള്ള വ്യക്തിത്വ വികസന പരിപാടികൾ നടപ്പാക്കി. കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള വേദിയൊരുക്കി തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. വിപിൻ കെ. വറുഗീസിന്റെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ.

**University Order regarding allotment of extra time, grace mark and provision of scribe for disabled student**

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

പാമ്പാടി കെ.ജി. കോളേജിലെ AKSHAY SANTHOSH (PRN 230021059566) എന്ന 2023 അഡ്മിഷൻ സി.ബി.സി.എസ്. ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) (റിവൈസ്ഡ്) വിദ്യാർത്ഥിയ്ക്ക് സർവ്വകലാശാല പരീക്ഷകളിൽ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സി ബി സി എസ് എസ് 10 സെക്ഷൻ**

നമ്പർ. 97/CBCSS 10/2024/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 04.01.2024

*പരാമർശം:*-1. Akshay Santhosh എന്ന വിദ്യാർത്ഥിക്ക് സർവ്വകലാശാല പരീക്ഷകളിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വിദ്യാർത്ഥിയുടെ മാതാവ് 29.12.2023 തീയതിയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിനൊപ്പം സമർപ്പിച്ച അപേക്ഷ.
2. പാമ്പാടി കെ.ജി. കോളേജ് പ്രിൻസിപ്പലിന്റെ 28.12.2023 തീയതിയിലെ കത്ത്.
3. 20.11.2023 തീയതിയിലെ സ.ഉ.നം. 11645/AC A 3/2023/MGU.

<u>ഉത്തരവ്</u>

പാമ്പാടി കെ.ജി. കോളേജിലെ സി.ബി.സി.എസ്. ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) (റിവൈസ്ഡ്) പ്രോഗ്രാമിലെ AKSHAY SANTHOSH (PRN 230021059566) എന്ന 2023 അഡ്മിഷൻ വിദ്യാർത്ഥിക്ക് സർവ്വകലാശാല പരീക്ഷകളിൽ സ്ക്രൈബിന്റെ സഹായം ഉൾപ്പെടെയുള്ള അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം കോളേജ് പ്രിൻസിപ്പൽ ശിപാർശ ചെയ്തിട്ടുണ്ട്. അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വിദ്യാർത്ഥിക്ക് 60% Permanent Locomotor Disability ഉണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽവസ്തുതകൾ പരിഗണിച്ച്, പരാമർശം (3) സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ AKSHAY SANTHOSH എന്ന വിദ്യാർത്ഥിക്ക് സി.ബി.സി.എസ്. ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) (റിവൈസ്ഡ്) പ്രോഗ്രാമിന്റെ എല്ലാ സർവ്വകലാശാല റെഗുലർ / റീ അപ്പിയറൻസ് പരീക്ഷകളിലും

1. ഓരോ മണിക്കൂറിനും 20 മിനിറ്റിൽ കുറയാത്ത കോമ്പൻസേറ്ററി സമയം
2. സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി സ്ക്രൈബിന്റെ/ വ്യാഖ്യാതാവിന്റെ/ സഹായിയുടെ സേവനം.
3. സ്വന്തമല്ലാത്ത കംപ്യൂട്ടർ / കൺവേർട്ടറിന്റെ ഉപയോഗം.
4. ഉള്ളടക്കം അടിസ്ഥാനമാക്കിയുള്ള മൂല്യനിർണയം
5. സർവ്വകലാശാല തിയറി പരീക്ഷകളുടെ ആകെ മാർക്കിന്റെ 10% ഗ്രേസ് മാർക്ക്

എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് പരീക്ഷ കൺട്രോളർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിയ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 19 (പരീക്ഷ)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. AKSHAY SANTHOSH
2. പ്രിൻസിപ്പൽ, കെ.ജി. കോളേജ്, പാമ്പാടി
3. പരീക്ഷ കൺട്രോളറുടെ പി. എ.
4. JR 1 / DR 4 / DR 8 / AR 5 / AR 18 / AR 19 (പരീക്ഷ)
5. IT Cell 2 /ഐ .ക്യു .എ .സി / കണ്ടെന്റ് മാനേജ്മെന്റ് / EN സെക്ഷനുകൾ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 161763/CBCSS 10-1/2023/CBCSS 10 Approved by ASSISTANT REGISTRAR XIX (EXAM) on 03-Jan-2024 10:02 PM - Page 1

KURIAKOSE GREGORIOS COLLEGE ★ PAMPADY - 686 502

Prof.(Dr.) Renny P. Varghese
Principal
Kuriakose Gregorios College
Pampady, Kottayam - 686 502